പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 530 28.09.2016-ൽ മറുപടിയ്ക്ക്

ആദിവാസി മേഖലകളിലേക്കുള്ള റോഡു നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | നബാർഡിന്റെ 2014-15 വർഷത്തെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി, കോതമംഗലം മണ്ഡലത്തിലെ മണികണ്ഠൻചാൽ, വെള്ളാരംകുന്ന്, ഇളംബ്ലാശ്ശേരി-എണ്ണുകളം എന്നീ ആദിവാസി മേഖലകളിലേക്കുള്ള റോഡു നിർമ്മാണം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തടസ്സപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | റോഡുകളുടെ നിർമ്മാണം നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | ബി) | വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമായാൽ മാത്രമേ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| സി) | ജോലികളുടെ കാലാവധി എന്നു വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31.12.2016 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുവാൻ കാലതാമസമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) | വെള്ളാരംകുന്ന് - മണികണ്ഠൻചാൽ റോഡ് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് പരിധിയിലും. ഇളംബ്ലാശ്ശേരി - ഞണ്ടുകുളം റോഡ് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് പരിധിയിലുമാണ് ഉൾപ്പെടുന്നത്. റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനായി ആവശ്യമായ എല്ലാ രേഖകളും സഹിതം മൂന്നാർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നുള്ള അനുമതി ഉടൻ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖാന്തിരം തുടർനടപടി കൈക്കൊണ്ടുവരുന്നു. |

Harapriya

സെക്ഷൻ ഓഫീസർ